**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2028** **01-09-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴയിലെ നന്ദുവിന്റെ മരണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ചില വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ അക്രമം നടത്തുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | ഇത്തരം ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവമായി കണ്ട് ശക്തമായ വകുപ്പുകൾ ചേർത്ത് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും കുറ്റക്കാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | ആലപ്പുഴ പുന്നപ്രയിലെ നന്ദു എന്ന യുവാവ് ട്രെയിൻ തട്ടി മരിച്ച സംഭവത്തിൽ ഏതെങ്കിലും യുവജന സംഘടനയുടെ പ്രവർത്തകർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; | (ബി) | നന്ദുവിന്റെ അസ്വാഭാവിക മരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത പുന്നപ്ര പോലീസ് സ്റ്റേഷൻ ക്രൈം നം. 736/2022 u/s 174 CrPC പ്രകാരമുള്ള കേസ് ആലപ്പുഴ ജില്ലാ ക്രൈം ബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തി വരികയാണ്. ടി കേസിന്റെ അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ യഥാർത്ഥ വസ്തുതകൾ വെളിവാവുകയുള്ളൂ. |
| (സി) | പ്രസ്തുത പ്രവർത്തകർ മർദിക്കാൻ വന്നതിനെ തുടർന്ന് ഓടിയ നന്ദു ട്രെയിനിന് മുന്നിൽപ്പെടുകയായിരുന്നുവെന്നത് വസ്തുതയാണോ; | (സി) | ഉത്തരം (B) യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത പ്രതികൾക്കെതിരെ കൊലക്കുറ്റത്തിന് കേസ് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | ഉത്തരം (B) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ